CYAN MAGENTA YELLOW BLACK

പേജ് 20 വില 7.00

# പ്രതിഛായ

www.pratichaya.com

●വാല്യം 2 ●ലക്കം 44 ● എല്ലാ ബുധനാഴ്ചയും പ്രസിദ്ധീകരിക്കുന്നു ● 22 ജൂലൈ 2009

# അവസാനത്തെ കമ്യൂണിസ്റ്റുകാരനും പാർട്ടിക്കു പുറത്തേക്ക്

അങ്ങനെ അവസാനത്തെ കമ്യൂണിസ്റ്റുകാരനും പോളിറ്റ് ബ്യൂറോയ്ക്കു പുറത്തായി. മുഖ്യമന്ത്രി വി.എസ്. അച്യുതാനന്ദന്റെ പുറത്താക്കൽ നടപടിയെ നിഷ്പക്ഷമതികൾ വിലയിരുത്തുന്നതിങ്ങനെയാണ്.

ഇനി അദ്ദേഹത്തിനു പാർട്ടിയിൽ എത്രനാൾ കൂടി ആയുസ്സുണ്ടാവും? കെ. ദാമോദരൻ, കെ.പി.ആർ. ഗോപാലൻ, ഒ. ഭരതൻ, കെ.ആർ. ഗൗരി, എം.വി. രാഘവൻ തുടങ്ങിയവർ പുറത്തേക്കുപോയ വഴി തന്നെയല്ലേ വിഎസിനു വേണ്ടിയും ഒരുക്കിയിരിക്കുന്നത്? അക്കാര്യത്തിലാർക്കും സംശയമൊന്നുമില്ല. പാർട്ടിക്കുവേണ്ടി ഏറെ ത്യാഗങ്ങൾ സഹിച്ചവരിൽ അധികം പേരൊന്നും പാർട്ടി പതാക പുതച്ച് അന്ത്യയാത്ര പോയിട്ടില്ല.

1920ൽ റഷ്യയിലെ താഷ്കെന്റിലാണ് ഇന്ത്യൻ കമ്യൂണിസ്റ്റു പാർട്ടി രൂപമെടുത്ത്. അതിനു നേതൃത്വം നല്കിയത് എം.എൻ. റോയി എന്ന ബുദ്ധിജീവിയായിരുന്നു. 1922ൽ ജർമനിയിൽ നിന്ന് അദ്ദേഹമാണ് ഇന്ത്യൻ കമ്യൂണിസ്റ്റു പാർട്ടിയുടെ പ്രഥമ മുഖപത്രം 'വാൻഗാർഡു' പ്രസിദ്ധീകരിച്ചത്. ആ വർഷം തന്നെ ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ ഗയ സമ്മേളനത്തിൽ വിതരണം ചെയ്ത 'ഇന്ത്യൻ കമ്യൂണിസ്റ്റു പാർട്ടിയുടെ പ്രഥമപരിപാടി' എന്ന ലഘുലേഖ തയ്യാറാക്കിയതും റോയിയായിരുന്നു.



പക്ഷേ, 1929ൽ അദ്ദേഹത്തെ കമ്യൂണിസ്റ്റ് ഇന്റർനാഷണലിൽ നിന്നു പുറത്താക്കി. ഇന്ത്യൻ കമ്യൂണിസ്റ്റുപാർട്ടിയുടെ ഈ സ്ഥാപകനേതാവ് 1954ൽ അന്തരിക്കുമ്പോൾ ഒരു കമ്യൂണിസ്റ്റുകാരനായിരുന്നില്ല!

അടിയുറച്ച കമ്യൂണിസ്റ്റുകാർക്കു കമ്യൂണിസ്റ്റു പാർട്ടിയിൽ നീണ്ടു വാഴാനാവില്ല എന്നൊരു ശാപമുണ്ട്. അതിന്റെ കരിനിഴൽ ഇപ്പോൾ വി.എസ്. അച്യുതാനന്ദനെയും ബാധിച്ചിരിക്കുന്നു. ഒട്ടേറെപ്പേരെ വിഭാഗീയതയുടെ മറവിൽ പാർട്ടിക്കു പുറത്തേക്കു പറഞ്ഞുവിട്ട ഈ പഴയ കമ്യൂണിസ്റ്റുകാരന്റെ വഴിയും അതുതന്നെയായി. അതു പക്ഷേ, വിഭാഗീയതയുടെ പേരിൽ മാത്രമല്ല, അഴിമതിക്കെതിരെ ശബ്ദിച്ചതിന്റെയും കൂടി പേരിലാണ്.

പാർട്ടിയിൽ അച്യുതാനന്ദൻ മാർക്കല്ല ലാവ്‌ലിൻ വിദഗ്ധർക്കാണു സിംഹാസനം!



## മാർക്സിസ്റ്റ് പാർട്ടി അഴിമതിക്കു വെള്ള പൂശുന്നു

### കെ.എം. മാണി

മുഖ്യമന്ത്രി വി.എസ്. അച്യുതാനന്ദനെ പോളിറ്റ് ബ്യൂറോയിൽ നിന്നു പുറത്താക്കിയ സിപിഎമ്മിന്റെ നടപടി ജനാധിപത്യ കേരളത്തിനു ലജ്ജാകരമാണ്. അഴിമതിക്കെതിരെ ഉറച്ച നിലപാടെടുത്ത ഒരു മുഖ്യമന്ത്രിയെ ക്രൂശിക്കുകയും ആരോപണ വിധേയനായ വ്യക്തിയെ സംരക്ഷിക്കുകയും ചെയ്ത മാർക്സിസ്റ്റു പാർട്ടി അഴിമതിയെ വെള്ളപൂശുകയാണ്. ഇന്ത്യയിലെ ഏറ്റവും വലിയ കുറ്റാന്വേഷണ ഏജൻസിയായ സിബിഐ, തെളിവുകളുടെ അടിസ്ഥാനത്തിൽ കുറ്റക്കാരനായി കണ്ട പ്രതിയോട് നിയമത്തിന്റെ വഴികളിലൂടെ അഗ്നിശുദ്ധി നേടി പുറത്തു വരാനാണു പിബി ആവശ്യപ്പെടേണ്ടിയിരുന്നത്. മന്ത്രിസഭയുടെ നിലപാടിനു വിരുദ്ധമായി പിണറായി വിജയനെ പ്രോസിക്യൂട്ട് ചെയ്യാൻ ഭരണത്തലവനായ ഗവർണർ അനുമതി നല്കിയപ്പോൾ, ഗവർണർ ഭരണഘടനാപരമായ ബാധ്യത നിറവേറ്റുക മാത്രമാണു ചെയ്തതെന്നു പറഞ്ഞതാണത്രെ മുഖ്യമന്ത്രി ചെയ്ത കുറ്റം! അതിന്റെ പേരിൽ അദ്ദേഹത്തെ ശിക്ഷിച്ച പോളിറ്റ് ബ്യൂറോയും കേന്ദ്രകമ്മിറ്റിയും മാർക്സിസ്റ്റ് പാർട്ടിയും അതിശക്തമായ ജനരോഷത്തിനു പാത്രമായി കഴിഞ്ഞിരിക്കുന്നു.

# വിദ്യാഭ്യാസ വിമോചനമാർഗരേഖ

ഭരണവും സമരവും ഒരുമിച്ച് എന്ന വിചിത്രമായ മുദ്രാവാക്യം കമ്യൂണിസ്റ്റ് പാർട്ടി സ്വീകരിച്ചപ്പോൾ 'പഠനവും സമരവും' എന്നതായി അവരുടെ വിദ്യാർത്ഥി സംഘടനയുടെ മുദ്രാവാക്യം. റഷ്യൻ വിപ്ലവം നടക്കുന്ന കാലത്ത് മോസ്കോ സർവകലാശാലയിലെ കുറെ വിദ്യാർത്ഥികൾ ലെനിനെ സന്ദർശിച്ച് 'ഞങ്ങളും വിപ്ലവത്തിൽ പങ്കുചേരട്ടെ' എന്നു ചോദിച്ചപ്പോൾ, 'വേണ്ടാ നിങ്ങൾ പഠിച്ചാൽ മതി; വിപ്ലവം ഞങ്ങൾ മുതിർന്നവർ നടത്തിക്കൊള്ളും', എന്നായിരുന്നത്രെ ലെനിന്റെ മറുപടി.



റോഷി അഗസ്റ്റിൻ

ഏകാധിപത്യത്തിൽ നിന്നു ജനങ്ങളെ മോചിപ്പിക്കാനും ജനാധിപത്യം സ്ഥാപിക്കാനും വേണ്ടി ലെനിൻ നേതൃത്വം നല്കിയ വിപ്ലവം എവിടെ, ഇവിടെ ജനാധിപത്യ സംവിധാനത്തിൽ വിദ്യാർത്ഥികൾ ലക്ഷ്യം മറന്നു നടത്തുന്ന ജനദ്രോഹസമരങ്ങളെവിടെ? വഴിതെറ്റിപ്പോയ വിദ്യാർത്ഥി രാഷ്ട്രീയത്തിൽ കേരളാ വിദ്യാർത്ഥി കോൺഗ്രസ് (കെ.എസ്.സി) ഒരു വേറിട്ട മാർഗം സ്വീകരിക്കുകയും



വിദ്യാഭ്യാസരംഗത്തു ക്രിയാത്മകമായ മാറ്റങ്ങൾ നിർദേശിക്കുന്ന മുമ്പേ

വിദ്യാർത്ഥി കോൺഗ്രസ് വിദ്യാഭ്യാസരംഗത്തു മുമ്പേ പറന്ന പക്ഷി – 2

പറക്കുന്ന പക്ഷിയായി മാറുകയും ചെയ്തു എന്നാണല്ലോ കഴിഞ്ഞ ലേഖനത്തിൽ ചൂണ്ടിക്കാട്ടിയത്.

ഇതോടൊപ്പം തീർച്ചയായും ശ്രദ്ധിക്കപ്പെടേണ്ട, കേരളവിദ്യാഭ്യാസ ചരിത്രത്തിലെ മറ്റൊരു അവകാശപത്രികയാണ് ഇടുക്കി എംഎൽഎ റോഷി അഗസ്റ്റിൻ പ്രസിഡണ്ടായിരിക്കെ കെ.എസ്.സി. തയ്യാറാക്കി 1996ൽ ഗവൺമെണ്ടിനു സമർപ്പിച്ച 'വിദ്യാഭ്യാസ വിമോചനമാർഗരേഖ.'

>> 2

അനുസ്മരണം



മീരാബെൻ (1892 – 1982) 14

മുഖപ്രസംഗം
ഒരു രാഷ്ട്രീയപാർട്ടി ആത്മഹത്യ ചെയ്യുന്നതെങ്ങനെ? 2

ജനപക്ഷം
നഞ്ചൻകോട്-വയനാട്-നിലമ്പൂർ റെയിൽവേയും ഉത്തരകേരളത്തിന്റെ വികസനവും
കെ.ജെ. ദേവസ്യ 4

വിശകലനം
ചൈനയുടെ ന്യൂനപക്ഷപ്രേമവും മാർക്സിസ്റ്റ് പാർട്ടിയുടെ മുഖാഭിനയവും
ബോബി കെ. മാത്യു 5

മനസ്സറിയുക ശരീരവും
കൗമാരക്കാർ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ
ഡോ. (സി.) ഷാലു കോയിക്കര 6

ചുവരെഴുത്തുകൾ
ചെരിഞ്ഞ അച്ചുതണ്ടിൽ തന്നെയാണ് ഭൂഗോളം തിരിയുന്നത്
ശ്വേതകേതു 7

ഫ്ളാഷ്ബാക്ക്
നടക്കാതെ പോയ ഒരു സിനിമാക്കഥ
തേക്കിൻകാട് ജോസഫ് 8

ഇതാണുനിയമം
പരിസ്ഥിതി നിയമങ്ങൾ 9
അഡ്വ. ചാർളി പോൾ

ചരിത്രം
കേരള ചരിത്രരചനയ്ക്ക് ഒരാമുഖം
ഡോ. വെളുത്താട്ട് കേശവൻ 12

പുനരാഖ്യാനം
മഹാഭാരതം
സവ്യസാചി 15

ജർമൻ ഡയറി
ജർമനിയെ തകർത്ത ഹിറ്റ്ലറുടെ വിദ്യാഭ്യാസ പരിഷ്കാരങ്ങൾ
ജോർജ് കുറ്റിക്കാട്ട് 17

വിദേശകാഴ്ച
വിയറ്റ്നാം അമേരിക്ക പരാജയം അറിഞ്ഞ നാട്
പി. ആർ. 20

മറ്റു പംക്തികളും

CYAN MAGENTA YELLOW BLACK

പ്രതിച്ഛായ
രാഷ്ട്രീയ സാംസ്കാരിക വാർത്താവാരിക

വാല്യം 2 ലക്കം 44

22 ജൂലൈ 2009

പ്രൊഫ. ഡോ. കുര്യാസ് കുമ്പളക്കുഴി

*ഒരിക്കൽ വഞ്ചിച്ചവരെ*
*പിന്നെ വിശ്വസിക്കരുത്.*
*ഷേക്സ്പിയർ*

# ഒരു രാഷ്ട്രീയപാർട്ടി ആത്മഹത്യ ചെയ്യുന്നതെങ്ങനെ?

ഒരു രാഷ്ട്രീയപാർട്ടി ഇത്ര ഗതികേടിലോ? ദേശീയ കക്ഷിയായ സിപിഐയുടെ ഇന്നത്തെ അവസ്ഥ കാണുമ്പോൾ ആർക്കാണിങ്ങനെ ചോദിക്കാതിരിക്കാൻ തോന്നുക?

കഴിഞ്ഞ യു.പി.എ. ഗവൺമെണ്ടിനു പിന്തുണ നല്കിക്കൊണ്ട് ഇടതുപക്ഷം പ്രതാപശാലികളായി കഴിഞ്ഞിരുന്ന നാളുകളിലും സിപിഐയുടെ ശബ്ദം ദുർബലമായിരുന്നു. സർക്കാരിൽ പങ്കാളിത്തം വേണ്ട എന്ന പൊതുതീരുമാനമെടുത്ത് ഇടതുകക്ഷികളെ മുഴുവൻ ഭരണത്തിനു വെളിയിൽ നിർത്തിയ സിപിഎം വളരെ തന്ത്രപൂർവം നിർണായകമായ ലോക്സഭാ സ്പീക്കർ സ്ഥാനം സ്വന്തമാക്കി. പ്രഗല്ഭ പാർലമെണ്ടേറിയനായ സോമനാഥ് ചാറ്റർജിയെ ആ സ്ഥാനത്തു നിയോഗിച്ചുകൊണ്ട് കേന്ദ്രമന്ത്രിസഭയ്ക്ക് മൂക്കുകയറിടാമെന്നായിരുന്നു സിപിഎം കരുതിയത്.

സി.പി.എമ്മിന്റെ 'വല്യേട്ടൻ' മനോഭാവം നിമിത്തം സിപിഐ ഉൾപ്പെടെ ഇടതുകക്ഷികളെല്ലാം നയപരമായ കാര്യങ്ങളിൽ സ്വതന്ത്രതീരുമാനമെടുക്കാനാവാതെ കുഴഞ്ഞു. എ.കെ.ജി. ഭവനിൽ പ്രകാശ് കാരാട്ടും സഹധർമിണി വൃന്ദാകാരാട്ടും പിന്നെ ചില സഖാക്കളും ചേർന്നെടുക്കുന്ന കുടുംബ തീരുമാനങ്ങൾ ശിരസാവഹിക്കുകയെന്ന ഭാരം കുറഞ്ഞ ജോലിയേ അവർക്കുണ്ടായിരുന്നുള്ളൂ. 'കുടുംബ കലഹ'മുണ്ടാകാതിരിക്കാൻ ക്ഷമിച്ചും സഹിച്ചും കഴിഞ്ഞുകൂടിയ അവരുടെ മനോവ്യഥ തെരഞ്ഞെടുപ്പു പരാജയത്തിനു പിന്നാലെയേ പുറത്തുവന്നുള്ളൂ.

ആണവകരാർ വിഷയത്തിൽ സി.പി.എമ്മിന്റെ ഏകപക്ഷീയ തീരുമാനത്തെ പിന്തുണച്ചതു തെറ്റായിപ്പോയെന്നും അതിന്റെ പേരിൽ കേന്ദ്രഗവൺമെണ്ടിനു പിന്തുണ പിൻവലിച്ചതു ചരിത്രപരമായ മറ്റൊരബദ്ധമായിപ്പോയെന്നും സി.പി.ഐ ദേശീയ സെക്രട്ടറി എ.ബി. ബർദാനു തന്നെ ഏറ്റുപറയേണ്ടി വന്നില്ലേ? ഇത്തരം നേതാക്കൾ നയിക്കുന്ന പാർട്ടി പിന്നെയും പിന്നെയും ചെറുതായിപ്പോയില്ലെങ്കിലല്ലേ അത്ഭുതമുള്ളൂ?

**"ഒരുത്തൻ പാപകർമം ചെയ്തീടിലതിൻഫലം പരക്കെയുള്ള മഹാജനങ്ങൾക്കൊക്കെ തട്ടും" എന്ന ഗുരുവചനം അന്വർത്ഥമാക്കുന്നതായിരുന്നല്ലോ തെരഞ്ഞെടുപ്പുഫലം. സി.പി.എം. കൈവശമുണ്ടായിരുന്ന 43ൽ 27 നഷ്ടപ്പെട്ട് 16 സീറ്റിലേക്കും സി.പി.ഐ. പത്തിൽനിന്ന് ആറുപോയി നാലിലേക്കും ചുരുങ്ങിയപ്പോൾ മറ്റു പല സഹയാത്രികർക്കും ലോക്സഭയിൽ ഇരിപ്പിടം തന്നെ ഇല്ലാതായി. ഇതിന്റെ മുഴുവൻ ഉത്തരവാദിത്വവും സി.പി.എമ്മിന്റെ തലയിൽവച്ച് കരഞ്ഞു നില്ക്കുകയാണിപ്പോൾ സി.പി.ഐ! മറ്റുള്ളവർക്കു കരയാൻകൂടി കഴിയുന്നില്ല.**

ഒരു രാഷ്ട്രീയ കക്ഷി പിളർന്നാൽ മുന്തിയ പകുതി ചെറുപകുതിയെ തകർക്കാനാഗ്രഹിക്കുക സ്വഭാവികമാണ്. പക്ഷേ, ഒരു ഘട്ടം കഴിഞ്ഞാൽ, തന്റെ കൊക്കിലൊതുങ്ങാത്തവിധം മറ്റേ കക്ഷി വളർന്നുകഴിഞ്ഞിരിക്കുന്നു എന്നു തിരിച്ചറിഞ്ഞാൽ പിന്നെ തമ്മിൽ ചങ്ങാത്തമാവുക എന്നതു രാഷ്ട്രീയ സ്വഭാവവുമാണ്. എന്നാൽ സി.പി.ഐയുടെ കാര്യത്തിൽ ഇത്തരമൊരു വിട്ടുവീഴ്ചയ്ക്കു സി. പി.എം. നാളിതുവരെ തയ്യാറായിട്ടില്ല. ഇതു മനസ്സിലാക്കാനുള്ള രാഷ്ട്രീയ വിവേകം സി.പി.ഐയ്ക്കു കൈമോശം വരികയും ചെയ്തു.

കേരളത്തിൽ സി.പി.ഐയുടെ പ്രതാപകാലം ഏതായിരുന്നു? സി.അച്യുതമേനോൻ മുഖ്യമന്ത്രിയായിരുന്ന കാലം എന്നതിലാർക്കും സംശയമില്ല. അന്ന് കോൺഗ്രസായിരുന്നു ഭരണത്തിലെ മുഖ്യകക്ഷി. പക്ഷേ നേതാക്കളിൽ വലുപ്പം അച്യുതമേനോനായിരുന്നു. അദ്ദേഹം മുഖ്യമന്ത്രിയായിരുന്നതുകൊണ്ടുതന്നെ അടിയന്തിരാവസ്ഥയുടെ അതിക്രമങ്ങൾ കേരളീയർക്കു കാര്യമായനുഭവിക്കേണ്ടി വന്നില്ല. അതിനു ജനങ്ങൾ പ്രതിസമ്മാനം നല്കുകയും ചെയ്തു. അടിയന്തിരാവസ്ഥാനന്തര ഘട്ടത്തിൽ ഇന്ത്യയിലെമ്പാടും കോൺഗ്രസ് തൂത്തെറിയപ്പെട്ടപ്പോൾ കേരളത്തിൽ മാത്രം കോൺഗ്രസ് വൻവിജയം നേടി. അച്യുതമേനോൻ കേരളം കണ്ട ഏറ്റവും പ്രഗല്ഭനായ മുഖ്യമന്ത്രി എന്ന ബഹുമതിക്കർഹനാവുകയും ചെയ്തു.

പക്ഷേ, 1982ൽ കൈയിലിരുന്ന മുഖ്യമന്ത്രിസ്ഥാനം ഉപേക്ഷിച്ചുകൊണ്ട് പി.കെ. വാസുദേവൻ നായർ കമ്യൂണിസ്റ്റ് കക്ഷികളുടെ ഐക്യത്തിനുവേണ്ടി അനുഷ്ഠിച്ച ത്യാഗം വെറും ജലരേഖയായിപ്പോയി. അതിൽ പിന്നെ സി.പി.ഐ അനുക്രമം ക്ഷീണിച്ചുവന്നു. ഇന്നിപ്പോൾ ഒരു സ്വാശ്രയക്കരാറിൽ ഞങ്ങൾ കൂടി അറിയാതെ ഒപ്പുവയ്ക്കരുത് എന്നുപറഞ്ഞാൽ അതുപോലും നിഷേധിക്കപ്പെടുന്ന ദയനീയാവസ്ഥയിലേക്ക് അവർ വീണുപോവുകയും ചെയ്തിരിക്കുന്നു.

സി.പി.എം. പറയുന്നതുകേട്ടാൽമതി, കനിഞ്ഞുതരുന്ന സീറ്റുകളിൽ മത്സരിച്ചാൽ മതി, ഘടകകക്ഷികളുടെ കാര്യത്തിൽ അഭിപ്രായം വേണ്ട, മന്ത്രിസഭാകാര്യങ്ങളും ഭരണകാര്യങ്ങളും എ.കെ.ജി. സെന്ററിൽ തീരുമാനിക്കുന്നതു നടപ്പിലാക്കിയാൽ മതി- അത്രയ്ക്കേ ഞങ്ങളുള്ളു എന്ന നടുക്കുന്ന അറിവിൽ സി.പി.ഐ. എത്തിക്കഴിഞ്ഞിരിക്കുന്നു. ഇതാവട്ടെ ആ പാർട്ടിയുടെ നിലനില്പിനെ തന്നെ ബാധിക്കുന്ന വിധത്തിൽ അപകടകരവുമാണ്.

ഇനി സിപിഐയോടു ചോദിക്കട്ടെ: ഒരു രാഷ്ട്രീയ പാർട്ടി ആത്മഹത്യ ചെയ്യുന്നതെങ്ങനെ എന്നു ഭാവിതലമുറയ്ക്കൊരു പാഠം നല്കാനാണോ നിങ്ങളുടെ പുറപ്പാട്?

# വിദ്യാഭ്യാസ വിമോചനമാർഗരേഖ

## 1 >>

റോഷി അഗസ്റ്റിന്റെ നേതൃത്വത്തിൽ 1995 ഡിസംബർ ഒന്നിനു കാസർഗോഡ് നിന്ന് ആരംഭിച്ച് 96 ജനുവരി 12നു തിരുവനന്തപുരത്തു സമാപിച്ച 43 ദിവസം നീണ്ട കെ.എസ്.സിയുടെ 'വിമോചനയാത്ര' യുടെ വഴികളിൽ കേരളത്തിന്റെ പല ഭാഗത്തു നടന്ന വിദ്യാഭ്യാസ സംവാദങ്ങളിൽ നിന്നും ചർച്ചകളിൽ നിന്നും ഉരുത്തിരിഞ്ഞ ആശയങ്ങളാണ് വിമോചനമാർഗരേഖയുടെ ഉള്ളടക്കം.

**കെ.എസ്.സി. ഒരിക്കലും വിദ്യാഭ്യാസ രംഗത്തു വിധ്വംസക പ്രവർത്തനങ്ങളോ വികലനയങ്ങളോ അക്രമാസക്തമായ പ്രക്ഷോഭങ്ങളോ അംഗീകരിക്കുന്നില്ല. സമവായത്തിന്റെയും ക്രിയാത്മക സംവാദത്തിന്റെയും ഗാന്ധിയൻ ശൈലിയാണവർക്കു പ്രിയങ്കരം. സംഹാരത്തിന്റെയും പ്രതികാരത്തിന്റെയും കാട്ടുപാതകളല്ല സഹിഷ്ണുതയുടെയും സഹവർത്തിത്വത്തിന്റെയും രാജവീഥികളാണവർക്കു സ്വീകാര്യം. ഇവിടെ പ്രത്യേകം പരാമർശിച്ച മൂന്നു മാർഗരേഖകളും കേരളത്തിലെ വിദ്യാർത്ഥി സമൂഹത്തിനു മുന്നിൽ അവതരിപ്പിക്കുന്നത് ആദർശാത്മകമായ ഒരു പ്രവർത്തന ശൈലിയാണ്; സമർപ്പിക്കുന്നതു ക്രിയാത്മകമായ ഒരു കർമപരിപാടിയുമാണ്.**

വിദ്യാഭ്യാസ പരിഷ്കരണത്തിനു സഹായകമായ 30 നിർദേശങ്ങൾ അക്കമിട്ടു തയ്യാറാക്കിയിരിക്കുന്നു. ഒരു പന്തീരാണ്ടിനുശേഷം ഇന്നു വിലയിരുത്തുമ്പോൾ അവയിൽ പല നിർദേശങ്ങളും ഇന്നു പ്രായോഗികമായിക്കഴിഞ്ഞിരിക്കുന്നു എന്നു നമുക്കു മനസ്സിലാകും. അക്രമത്തിന്റെ പാത ഒരിക്കലും സ്വീകരിക്കാത്ത കെ.എസ്.സി. എന്ന വിദ്യാർത്ഥി സംഘടനയുടെ ക്രിയാത്മകമായ പങ്കാളിത്തം കൂടി വിദ്യാഭ്യാസ രംഗത്തെ മാറ്റങ്ങൾക്കു പിന്നിലുണ്ട് എന്നു തിരിച്ചറിയുന്നവർ നന്നേ ചുരുങ്ങും.

കേരളത്തിന്റെ വിദ്യാഭ്യാസപരമായ ആവശ്യങ്ങൾ എന്തൊക്കെയാണെന്നു കണ്ടെത്തുന്നതിന് സമഗ്രമായ വിദ്യാഭ്യാസ സർവേ നടത്തണം എന്നതാണ് മാർഗരേഖയിലെ ആദ്യ നിർദേശം. കോഴ്സുകൾ തൊഴിലധിഷ്ഠിതമായി പുനഃസംവിധാനം ചെയ്യണമെന്നും ഉന്നതവിദ്യാഭ്യാസരംഗത്തു 'ട്യൂട്ടോറിയൽ സംവിധാനം' നടപ്പിലാക്കണമെന്നും ഡീംഡ് യൂണിവേഴ്സിറ്റികളും സ്വയംഭരണ കോളജുകളും കേരളത്തിൽ ഉണ്ടാകണമെന്നും രേഖ നിർദേശിക്കുന്നു.

ഉന്നതവിദ്യാഭ്യാസത്തെപ്പറ്റി പരാമർശിക്കുന്ന വിദഗ്ധരെല്ലാം ചൂണ്ടിക്കാട്ടുന്ന ഒരു വസ്തുതയുണ്ട് - ഇന്ത്യൻ സർവകലാശാലകളിലെ ഗവേഷണ പരിപാടികളുടെ നിലവാരമില്ലായ്മ? അതെപ്പറ്റി വിമോചന മാർഗരേഖ പറയുന്നതിങ്ങനെ: "നമ്മുടെ സർവകലാശാലകളിൽ നടന്നു വരുന്ന ഗവേഷണ സമ്പ്രദായം അടിമുടി ഉടച്ചു വാർക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. കാലത്തിന്റെയും ദേശത്തിന്റെയും സമൂഹത്തിന്റെയും ആവശ്യങ്ങൾ മുന്നിൽ കണ്ട് ആവശ്യമായ വിഷയങ്ങളുടെ മൗലികവും പ്രയുക്തവുമായ തലങ്ങളിൽ ഗവേഷണം സംഘടിപ്പിക്കാനും അതിൽ നിന്നു കിട്ടുന്ന അറിവുകൾ സമൂഹനന്മയ്ക്കു പ്രയോജനപ്പെടുത്താനും സർവകലാശാലകൾക്കു കഴിയണം. വികസനവുമായി ബന്ധപ്പെട്ട വിഷയങ്ങൾക്കാവണം മുൻതൂക്കം നല്കേണ്ടത്."

പുതിയ മെഡിക്കൽ കോളജുകളും പുതിയ എഞ്ചിനീയറിംഗ് കോളജുകളും നഴ്സിംഗ് കോളജുകളും കേരളത്തിൽ ഉണ്ടാകണം എന്ന വിമോചനമാർഗരേഖയിലെ നിർദേശങ്ങൾ 2001-2006 കാലത്തെ യുഡിഎഫ് ഗവൺമെണ്ട് നടപ്പിലാക്കിയെന്ന കാര്യം പ്രത്യേകം ശ്രദ്ധിക്കുക. മെഡിക്കൽ സർവകലാശാല വേണമെന്ന നിർദേശവും ആ രേഖ മുന്നോട്ടുവച്ചിരുന്നു. അതു പ്രായോഗികമാക്കാനുള്ള നടപടികൾ ഏതാണ്ടു പൂർത്തിയായിക്കഴിഞ്ഞിരിക്കുകയാണല്ലോ.

ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന്റെ നിലവാരം ഉയർത്താൻ സ്കൂളുകളിൽ ഇംഗ്ലീഷ് മുഖ്യവിഷയമായെടുത്തു പാസ്സായവരെ അധ്യാപകരായി നിയമിക്കണമെന്ന ആവശ്യവും മാർഗരേഖ ഉന്നയിച്ചിരുന്നു. അതും കേരളത്തിൽ നടപ്പിലായിക്കഴിഞ്ഞു. ഹൈസ്കൂൾ തലം വരെ പാവപ്പെട്ട വിദ്യാർത്ഥികൾക്ക് ഉച്ചഭക്ഷണം നല്കണമെന്നുള്ള സാമൂഹിക നീതിയിലധിഷ്ഠിതമായ നിർദേശങ്ങളും ഈ രേഖ മുന്നോട്ടു വച്ചിരുന്നു. അവയും ഇവിടെ നടപ്പിലായിക്കഴിഞ്ഞു എന്നതോർത്തു കെ.എസ്.സിക്കഭിമാനിക്കാവുന്നതാണ്.

പാരാമെഡിക്കൽ നിയമം, വിദ്യാഭ്യാസ ജില്ലകളുടെ പുനർവിഭജനം, അധ്യാപക വിദ്യാർത്ഥി അനുപാതം, സ്കൂൾ കോംപ്ലക്സ് തുടങ്ങിയ പരിഷ്കാരങ്ങളും അടിയന്തിരമായി നടപ്പാക്കണമെന്നു മാർഗരേഖ ആവശ്യപ്പെട്ടിരുന്നു. അതിൽ കോംപ്ലക്സുകൾ പ്രായോഗികമാക്കാൻ ശ്രമം നടന്നെങ്കിലും മാർക്സിസ്റ്റു പാർട്ടിയുടെയും വിദ്യാഭ്യാസ മന്ത്രിയുടെയും സങ്കുചിതമായ രാഷ്ട്രീയ താത്പര്യങ്ങളും മാനേജ്മെണ്ട് വിരോധവും മൂലം അതു പൊറുക്കാൻ വച്ചതു മരിക്കാനായതു പോലെയാണു കലാശിച്ചത്.

കെ.എസ്.സി. ഒരിക്കലും വിദ്യാഭ്യാസരംഗത്തു വിധ്വംസക പ്രവർത്തനങ്ങളോ വികലനയങ്ങളോ അക്രമാസക്തമായ പ്രക്ഷോഭങ്ങളോ അംഗീകരിക്കുന്നില്ല. സമവായത്തിന്റെയും ക്രിയാത്മക സംവാദത്തിന്റെയും ഗാന്ധിയൻ ശൈലിയാണവർക്കു പ്രിയങ്കരം. സംഹാരത്തിന്റെയും പ്രതികാരത്തിന്റെയും കാട്ടുപാതകളല്ല സഹിഷ്ണുതയുടെയും സഹവർത്തിത്വത്തിന്റെയും രാജവീഥികളാണവർക്കു സ്വീകാര്യം. ഇവിടെ പ്രത്യേകം പരാമർശിച്ച മൂന്നു മാർഗരേഖകളും കേരളത്തിലെ വിദ്യാർത്ഥി സമൂഹത്തിനു മുന്നിൽ അവതരിപ്പിക്കുന്നത് ആദർശാത്മകമായ ഒരു പ്രവർത്തനശൈലിയാണ്; സമർപ്പിക്കുന്നതു ക്രിയാത്മകമായ ഒരു കർമപരിപാടിയുമാണ്.

❖

## പ്രധാനമന്ത്രിക്കും നിവേദനം

വിദ്യാഭ്യാസമേഖലയിലെ വിവിധ ആവശ്യങ്ങൾ പ്രധാനമന്ത്രിമാരുടെ ശ്രദ്ധയിൽ പെടുത്തുന്നതിനും കെ.എസ്.സിക്കു കഴിഞ്ഞിട്ടുണ്ട്. കേരളത്തിൽ കേന്ദ്രസർവകലാശാലയും ഗ്രാമീണ സർവകലാശാലയും ഐ.ഐ.ടിയും സ്ഥാപിക്കുക, സാമ്പത്തികമായി പിന്നോക്കം നില്ക്കുന്ന എല്ലാ വിദ്യാർത്ഥികൾക്കും സ്കോളർഷിപ്പ് നല്കുക, അധ്യാപകരുടെ നിലവാരമുയർത്താൻ നടപടി സ്വീകരിക്കുക തുടങ്ങിയ സുപ്രധാന നിർദേശങ്ങളടങ്ങിയ നിവേദനം 1996 ജൂലൈ 24ന് ന്യൂഡൽഹിയിൽ പ്രധാനമന്ത്രി എച്ച്.ഡി. ദേവഗൗഡയ്ക്കു റോഷി അഗസ്റ്റിൻ സമർപ്പിച്ചു.

വിദ്യാഭ്യാസ വിമോചന മാർഗരേഖ മുഖ്യമന്ത്രിക്കു സമർപ്പിച്ചതാണ് മറ്റൊരു നടപടി. 1996 മാർച്ച് 6ന് മുഖ്യമന്ത്രി എ.കെ. ആന്റണിക്കു കൈമാറിയ മാർഗരേഖയിൽ വിദ്യാഭ്യാസ സർവേ, സാങ്കേതിക വിദ്യാഭ്യാസ പരിഷ്കരണം, ഡീംഡ് യൂണിവേഴ്സിറ്റി, സ്വയംഭരണ കോളജ്, വികസനോന്മുഖ ഗവേഷണം, പ്രീഡിഗ്രി വേർപെടുത്തൽ, പുതിയ മെഡിക്കൽ-എഞ്ചിനീയറിംഗ് കോളജുകൾ, പാരാമെഡിക്കൽ കോഴ്സുകൾ തുടങ്ങി മുപ്പതു സുപ്രധാന നിർദേശങ്ങൾ ഉൾപ്പെടുത്തിയിരുന്നു.

മലബാർ സർവകലാശാലയ്ക്കു വേണ്ടി, കൊച്ചിയിലും ഇടുക്കിയിലും പുതിയ മെഡിക്കൽ കോളജിനു വേണ്ടി, മൂന്നാർ ഇൻസ്റ്റിറ്റ്യൂട്ട് ഉപേക്ഷിക്കുന്നതിനെതിരെ, പരീക്ഷാ നടത്തിപ്പും ഫലപ്രഖ്യാപനവും കുറ്റമറ്റതാക്കുന്നതിനു വേണ്ടി - വിദ്യാർത്ഥികളുമായി ബന്ധപ്പെട്ട എല്ലാ വിഷയത്തിലും കെ.എസ്.സി പ്രതികരിച്ചിട്ടുണ്ട്.

CYAN MAGENTA YELLOW BLACK




പ്രതിച്ഛായ വായനക്കാർക്ക് 2009ലെ തിരുവോണസമ്മാനം.
വായന ഗൗരവമായെടുക്കുന്ന സഹൃദയർക്ക്
വിലപ്പെട്ട സാംസ്കാരികോപഹാരം;
ഒപ്പം ഒരു റഫറൻസ് ഗ്രന്ഥവും

- സി.എൽ. ജോസിന്റെ സമ്പൂർണ നാടകം
  - ***ചിറകുള്ള നക്ഷത്രം.***
- കെ. സുധാകരന്റെ പൂർണനോവൽ
  - ***ആദ്യരാത്രിക്ക് ആശംസകൾ***
- കുര്യാസിന്റെ കാവ്യനാടകം
  - ***ദഹനബലി***
- ***പല സാംസ്കാരിക നായകരും അവസരവാദികളാണ്***

  

  *- പ്രശസ്ത സാഹിത്യ സാംസ്കാരിക വിമർശകൻ ഡോ.വി. രാജകൃഷ്ണൻ തുറന്നടിക്കുന്നു*

  ഡോ. ജോഷി വർഗീസും, ഡോ. ജോജി മാടപ്പാട്ടും രാജകൃഷ്ണനുമായി നടത്തുന്ന അഭിമുഖം
- സി. രാധാകൃഷ്ണൻ, കെ.എൽ. മോഹനവർമ, ബി.ഹരികുമാർ, സെബാസ്റ്റ്യൻ പള്ളിത്തോട്, കിളിരൂർ രാധാകൃഷ്ണൻ, തേക്കിൻകാട് ജോസഫ് തുടങ്ങിയവരുടെ കഥകൾ.
- പ്രൊഫ. എം.ജി.എസ്. നാരായണൻ, പ്രൊഫ.എം.ആർ. ചന്ദ്രശേഖരൻ, വേലായുധൻ പണിക്കശ്ശേരി, ഡോ. കെ. ബാബു ജോസഫ്, പി.സി. സിറിയക്, ഡോ. ഡി. ബഞ്ചമിൻ, സിപ്പി പള്ളിപ്പുറം തുടങ്ങിയവരുടെ ലേഖനങ്ങൾ.
- അക്കിത്തം, സുഗതകുമാരി, ഏഴാച്ചേരി രാമചന്ദ്രൻ, ജോർജ് തോമസ്, ചേരാവള്ളി ശശി, കെ.എസ്. റെക്സ് തുടങ്ങിയവരുടെ കവിതകൾ.

## പ്രമുഖ രാഷ്ട്രീയ ചലച്ചിത്ര സാംസ്കാരികനായകരുടെ മറക്കാനാവാത്ത അനുഭവങ്ങൾ



**നമ്മ പ്രകാശിക്കുന്ന വിളക്കായി കല്യാണി**
*കെ. കരുണാകരൻ*



**കലാലയവർണങ്ങൾ**
*മമ്മൂട്ടി*



**മറക്കാനാവാത്ത അനുഭവം**
*കെ. എം. മാണി*



**എന്റെ കലാലയം സുവർണകാലം**
*ഉമ്മൻ ചാണ്ടി*



**എന്റെ ക്യൂൻമേരി യാത്ര**
*ലാലു അലക്സ്*



**സർ സിപിയും ഞാനും പിന്നെ മണിസ്വാമിയും**
*ജസ്റ്റിസ് കെ.ടി. തോമസ്*



**കോർട്ട് ഹാളിൽ മുനിസിഫിനെ ചിരിപ്പിച്ച ജൂനിയർ അഭിഭാഷകൻ**
*പി.കെ. നാരായണപണിക്കർ*



**സുന്ദരിയായ മാർഗരറ്റ് താച്ചർ**
*കെ.എം. മാത്യു*



**കേരളാ കോൺഗ്രസ് രൂപീകരണം ഒരോർമ**
*ആർ. ബാലകൃഷ്ണപിള്ള*



**തന്നെ ചമ്മിച്ച എ.കെ**
*കെ.വി. തോമസ്*



**എം.ജി. ആറും ഞാനും**
*അൽഫോൻസ് കണ്ണന്താനം*

*ഓർഗനൈസർമാർ വഴിയും നേരിട്ടും കോപ്പി മുൻകൂർ ബുക്കു ചെയ്യാവുന്നതാണ്. തപാലിൽ വേണ്ടവർ 60 രൂപ അയയ്ക്കുക.*

*ഫിനാൻസ് മാനേജർ*
*പ്രതിച്ഛായ, പാലസ് റോഡ്*
*കോട്ടയം - 1*

- **ന്യൂസ് ഡയറി**

2008 ജൂലൈ ഒന്നു മുതൽ 2009 ജൂൺ മുപ്പതുവരെയുള്ള പ്രധാനസംഭവങ്ങൾ. കേരളം, ദേശീയം, വിദേശം എന്നീ മൂന്നു വിഭാഗങ്ങളിൽ

- പതിനഞ്ചാം ലോകസഭാതെരഞ്ഞെടുപ്പിന്റെ വിശദാംശങ്ങൾ
- ഡിമൈ 1/4 വലുപ്പം. മുന്നൂറോളം പേജ്.
- വില 50 രൂപ മാത്രം.
- 2009 ആഗസ്റ്റ് 15നു പ്രസിദ്ധീകരിക്കുന്നു.




## പ്രതിച്ഛായ പ്രചാരണ പര്യടനം

പ്രതിച്ഛായയുടെ ഓണപ്പതിപ്പിലേക്കു മണ്ഡലം കമ്മിറ്റികൾ നല്കേണ്ട 10,000 രൂപയുടെ പരസ്യത്തിന്റെയും മറ്റു ഭാരവാഹികൾ ശേഖരിച്ച പരസ്യങ്ങളുടെയും ഓർഡർ ഫോമും മാറ്ററും ശേഖരിക്കുന്നതിനും വരിസംഖ്യ സ്വീകരിക്കുന്നതിനും പാർട്ടി സംസ്ഥാന ജനറൽ സെക്രട്ടറി പി.ടി.ജോസ് താഴെ പറയുന്ന തീയതികളിൽ അതതു ജില്ലകളിൽ ചേരുന്ന ജില്ലാകമ്മിറ്റികളിൽ സംബന്ധിക്കുന്നതാണ്.

| | | |
|---|---|---|
| 18-07-09 | ശനി | ആലപ്പുഴ |
| 19-07-09 | ഞായർ | മലപ്പുറം |
| 21-07-09 | ചൊവ്വ | കോട്ടയം |
| 23-07-09 | വ്യാഴം | എറണാകുളം |
| 24-07-09 | വെള്ളി | ഇടുക്കി |
| 25-07-09 | ശനി | കൊല്ലം |
| 26-07-09 | ഞായർ | പത്തനംതിട്ട |
| 27-07-09 | തിങ്കൾ | കോഴിക്കോട് |
| 28-07-09 | ചൊവ്വ | വയനാട് |
| 29-07-09 | ബുധൻ | കണ്ണൂർ |
| 30-07-09 | വ്യാഴം | കാസർകോട് |
| 31-07-09 | വെള്ളി | തിരുവനന്തപുരം |
| 1-08-09 | ശനി | പാലക്കാട് |
| 2-08-09 | ഞായർ | തൃശ്ശൂർ |

CYAN MAGENTA YELLOW BLACK



ജനപക്ഷം

കെ.ജെ. ദേവസ്യാ

# നഞ്ചൻകോട്-വയനാട്-നിലമ്പൂർ റെയിൽവേയും ഉത്തരകേരളത്തിന്റെ വികസനവും

ഉത്തരകേരളത്തിന്റെയും ദക്ഷിണേന്ത്യയുടെ തന്നെയും റെയിൽവേ ഭൂപടത്തിൽ അതീവ പ്രാധാന്യമർഹിക്കുന്ന വയനാട് വഴിയുള്ള നിർദിഷ്ട റെയിൽ പാതയോടുള്ള അവഗണന പതിറ്റാണ്ടുകളായി തുടരുകയാണ്. 18-08-98ൽ നഞ്ചൻകോട്-വടകര പുതിയ ബ്രോഡ്ഗേജ് ലൈൻ റിക്കോണെസൻസ് എഞ്ചിനീയറിംഗ്-കം-ട്രാഫിക് സർവെ നടത്താൻ ദക്ഷിണ റെയിൽവേ ഉത്തരവിട്ടിരുന്നെങ്കിലും ഫലം കണ്ടില്ല.

1998ൽ കേരള നിയമസഭയിൽ അന്നത്തെ റെയിൽവെ ചുമതലയുള്ള മന്ത്രി പി.ആർ. കുറുപ്പ് നഞ്ചൻകോട്-നിലമ്പൂർ റെയിൽവേക്കായി കേന്ദ്രം സർവേ നടത്തുമെന്ന് സമ്മതിച്ചതായി അറിയിച്ചു. എന്നാൽ അതും നടന്നില്ല. ഇക്കാര്യത്തിൽ ഗുണപരമായി തീരുമാനമെടുക്കുകയും തുടർനടപടികൾ സ്വീകരിക്കുകയും ചെയ്തത് കേന്ദ്രമന്ത്രിയായിരുന്ന ബി.ജെ.പി. നേതാവ് ഒ.രാജഗോപാൽ തന്നെയായിരുന്നു. അദ്ദേഹം കേന്ദ്രമന്ത്രി അല്ലാതായതോടെ ആ നീക്കം തണുത്തമട്ടായി.

സമീപകാലത്ത് യുപിഎ സർക്കാർ സർവേ നടത്തുമെന്ന് പ്രഖ്യാപിച്ചെങ്കിലും ഫലവത്തായ നടപടികൾ ഇനിയും ഉണ്ടായിട്ടില്ല. ഈ മേഖലയിൽ നിന്നും മാറിമാറിവന്ന ലോക്സഭാംഗങ്ങൾ ഇക്കാര്യത്തിൽ കാണിച്ചത് അക്ഷന്തവ്യമായ ഉദാസീനതയാണ്. തമിഴ്നാട്ടിൽ ഒരു ചെറിയ പാർട്ടിയുടെ പാർലമെണ്ട് മെമ്പർക്ക് സേലം ഡിവിഷൻ എന്ന ആവശ്യം എല്ലാ നിയമങ്ങളെയും കാറ്റിൽ പറത്തിക്കൊണ്ടും, വിവിധ കേന്ദ്രങ്ങളുടെ എതിർപ്പുകളെ മറികടന്നുകൊണ്ടും നേടിയെടുക്കാൻ കഴിഞ്ഞത് സമീപകാല സംഭവമാണ്. തമിഴ്നാട്ടിലൂടെ കർണാടകത്തിലെ ചാമരാജനഗരവുമായി ബന്ധിപ്പിച്ചു കൊണ്ടുള്ള റെയിൽവെ ലൈനുവേണ്ടി തമിഴ്നാട് രംഗത്തുണ്ട്. എന്നിട്ടും നമ്മുടെ സംസ്ഥാന ഭരണനേതൃത്വത്തിന്റെ കണ്ണ് ഇനിയും തുറന്നിട്ടില്ലായെന്നതാണ് വസ്തുത.

കേരളത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട വ്യവസായ നഗരമായ കൊച്ചിയെയും ബാംഗ്ലൂരിനെയും ബന്ധിപ്പിക്കുവാൻ കഴിയുന്ന നഞ്ചൻകോട്-നിലമ്പൂർ (വയനാട് വഴി) പാത യാഥാർത്ഥ്യമായാൽ തെക്കൻ കേരളീയർക്ക് ബാംഗ്ലൂരിലെത്താൻ 250 കിലോമീറ്ററിലധികം ലാഭിക്കാവുന്നതാണ്. വയനാട്ടിൽ റോഡുമാർഗം എത്തിചേരാൻ ഹെയർപിൻ വളവുകളാണുള്ളത്. യാത്ര തികച്ചും പ്രയാസപൂർണവുമാണ്. വയനാട്ടിലൂടെ റെയിൽവെ അനുവദിക്കപ്പെട്ടാൽ ഗതാഗത കാര്യങ്ങളിലും വികസനരംഗത്തും ശ്രദ്ധേയമായ നേട്ടങ്ങളുണ്ടാകും. കൊച്ചി-ബാംഗ്ലൂർ എന്നീ ഐ.ടി. നഗരങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന റെയിൽവേയെന്നത് തികച്ചും ഉചിതവുമാണ്. വല്ലാർപാടം കണ്ടെയ്നർ ടെർമിനൽ യാഥാർത്ഥ്യമാവുമ്പോൾ ചരക്കുഗതാഗതത്തിന് ഈ പാത ഏറ്റവും സഹായകമാകും. മഴക്കാലത്ത് ഗതാഗതം മുടങ്ങാറുള്ള കൊങ്കൺ റെയിൽവേക്ക് സമാന്തരപാതയുമാകും.

കാർഷിക രംഗത്തെ തളർച്ച കേരളീയ സമൂഹം ഭയാശങ്കകളോടെയാണ് നോക്കികാണുന്നത്. അതിൽ ഉത്തര കേരളത്തിൽ, പ്രത്യേകിച്ചും വയനാട്ടിൽ കാർഷിക രംഗം കടുത്ത പ്രതിസന്ധിയിലാണ്. പകരമെന്ത് എന്ന അന്വേഷണത്തിൽ പലപ്പോഴും വിനോദസഞ്ചാര മേഖലയുടെ സാധ്യത എടുത്തു പറയുന്നുണ്ട്. ആ നിലയിൽ വടനാട്, നീലഗിരി, കൂർഗ് അടക്കമുള്ള വിനോദസഞ്ചാരികളെ പെട്ടെന്ന് ആകർഷിക്കുന്ന മേഖലകളുടെ വികസനത്തിന് ഈ റെയിൽപ്പാത അനിവാര്യമാണ്. പുരോഗതി വേണമെന്നാഗ്രഹിക്കുന്ന ഒരു വലിയ ജനവിഭാഗത്തിന്റെ മോഹങ്ങൾ സാധ്യമാക്കാൻ അധികൃതർ തയ്യാറാകണം.

ഈ ലക്ഷ്യം മുൻനിർത്തി ഉത്തരകേരളീയർ പോയകാലത്ത് നടത്തിയ പോരാട്ടങ്ങൾ നിരവധിയാണ്. വിവിധ സംഘടനകൾ ഒറ്റയ്ക്കും കൂട്ടായും നിവേദനങ്ങളിലൂടെയും സമരങ്ങളിലൂടെയും ഒട്ടനവധി തവണ പരിശ്രമിച്ചിട്ടുമുണ്ട്. അതിന്റെയെല്ലാം അടിസ്ഥാനത്തിലാണ് വയനാട് റെയിൽവേയെന്ന ആവശ്യം ഇപ്പോൾ കൂടുതൽ സജീവമായി തുടരുന്നത്. ബ്രിട്ടീഷുകാർ റെയിൽവേക്ക് നല്കിയ പ്രാധാന്യം ലാഭനഷ്ടങ്ങൾ നോക്കിയായിരുന്നില്ല. മറിച്ച്, വരാൻ പോകുന്ന ജനങ്ങളുടെ നന്മയെ ലക്ഷ്യമിട്ടായിരുന്നു. ഇന്ത്യൻ റെയിൽവെ നിരവധി ദേശങ്ങളിൽ ലാഭകരമല്ലാത്ത ലൈൻ നിർമിച്ചു സർവീസ് നടത്തുന്നുണ്ട്. ജനങ്ങളുടെ അനിവാര്യമായ ഉപയോഗത്തിനെന്ന നിലയിലാണത്. ലാഭക്കച്ചവടമായിട്ടല്ല, യൂട്ടിലിറ്റി സർവീസായിട്ടാണിതിനെ പരിഗണിക്കേണ്ടത്.

മൈസൂറിൽ നിന്നും ബാവലി മാനന്തവാടി കുഞ്ഞോം വിലങ്ങാട് വഴി വടകര തലശ്ശേരി റെയിൽവെ ലൈനുമായി ബന്ധിപ്പിക്കാവുന്ന നിർദേശവും അതോടൊപ്പം നഞ്ചൻകോട്-നിലമ്പൂർ റെയിൽലൈൻ കടന്നുപോകുന്ന സുൽത്താൻ ബത്തേരിയിൽ നിന്നും കുഞ്ഞോം വിലങ്ങാട് വഴി തലശ്ശേരി റെയിൽവേ ലൈനുമായി ബന്ധിപ്പിക്കാവുന്ന നിർദേശവും വയനാട്ടിൽ ഷൊർണൂർ ജംഗ്ഷന് സമാനമായി പ്രധാനപ്പെട്ട ഒരു ജംഗ്ഷൻ ഉണ്ടാവണമെന്നുള്ള നിർദേശവും സജീവ പരിഗണനയർഹിക്കുന്നുണ്ട്.

നഞ്ചൻകോടു നിന്നും നിലമ്പൂർ വരെയുള്ള പ്രാരംഭ സർവെ നടന്നുകഴിഞ്ഞു. കർണാടകയിലെ നഞ്ചൻകോട് ടൗണിൽ നിന്നും യെച്ചഗുണ്ടാലുഹുറ, യശ്വന്ത്പുര, ചിക്കാബെറിഗ്, മാവിനഹള്ള, സുൽത്താൻ ബത്തേരി (വയനാട്), ചീരാൽ, അയ്യൻകൊല്ലി (നീലഗിരി), വടുവഞ്ചാൽ (വയനാട്), വെള്ളരിമല, വെള്ളരിമല നോർത്ത്, ചേരങ്കോട് (നീലഗിരി), ഗെള്ൻ റോക്ക് (മലപ്പുറം), വെണ്ടേക്കും പോറ്റി, ബിർളാവനം, കാഞ്ഞിരക്കടവ്, വഴിക്കടവ്, എടക്കര, നിലമ്പൂർ റോഡ് എന്നതാണ് നിർദിഷ്ട റെയിൽലൈൻ.

ഈ റെയിൽവെ സാധ്യമായാൽ ഉത്തരകേരളത്തിന്റെയും നീലഗിരി, ഗുണ്ടിൽപേട്ട പ്രദേശങ്ങളുടെയും സർവതോമുഖമായ വികസനത്തിനും പുരോഗതിക്കും കാരണമാകും. പുരോഗതിയുടെ പാതയിൽ ഇനിയും വേണ്ടത്ര വേഗതയിൽ എത്തിച്ചേരാൻ കഴിയാത്ത മലഞ്ചെരുവുകളിലെ മനുഷ്യരുടെ മോഹങ്ങൾ വൈകിയാണെങ്കിലും പൂവണിയാൻ വയനാടു വഴി തീവണ്ടി ഓടണം. 238 കിലോമീറ്റർ ദൈർഘ്യം കണക്കാക്കുന്ന സർവേ റിപ്പോർട്ടിൽ ചെലവ് 1732 കോടിയിൽ നിന്ന് ഇപ്പോൾ 3534 കോടിയായി ഉയർന്നിരിക്കുന്നു. ഇനിയും എത്രയോ കോടികളുടെ വർധനവ് വന്നു ചേരാമെന്നത് നമ്മുടെ പദ്ധതി നടത്തിപ്പിലെ അനുഭവസാക്ഷ്യങ്ങളാണ്.

നഞ്ചൻകോട്- വയനാട്-ഗൂഡല്ലൂർ-നിലമ്പൂർ റെയിൽവെ ലൈൻ സർക്കാർ അംഗീകരിക്കുക എന്നുള്ളതാണ് പരമപ്രധാനമായി അടിയന്തിരാവശ്യം. തുടർനടപടികൾ നിരവധി കൊല്ലങ്ങൾകൊണ്ടാണ് നടക്കുന്നത്. കൊങ്കൺ റെയിൽവേ യാഥാർത്ഥ്യമാക്കപ്പെട്ടത് റെയിൽവേയുടെ ദീർഘവീക്ഷണം കൊണ്ടാണ്. മംഗലാപുരത്തും കോഴിക്കോട്ടും വിമാനത്താവളമുണ്ടായപ്പോൾ അതിനിടയിലുള്ള കണ്ണൂരിലും വിമാനത്താവളം പ്രഖ്യാപിക്കപ്പെട്ടത് രാഷ്ട്രീയ ഇച്ഛാശക്തികൊണ്ടു മാത്രമാണ്.

വനങ്ങളും വന്യജീവികളും സംരക്ഷിക്കപ്പെടുക തന്നെ വേണം. അതോടൊപ്പം അവയെല്ലാം നിലനിർത്തിക്കൊണ്ട് മനുഷ്യരുടെ പുരോഗതിക്കായുള്ള നടപടികളും വേണം. മഹാനഗരങ്ങളിൽ മേല്പ്പാലമൊരുക്കി സൗകര്യങ്ങളുണ്ടാക്കുന്നത് പോലെ വനം-വന്യജീവി സംരക്ഷണം ഉറപ്പുവരുത്തി മേല്പ്പാലങ്ങളടക്കമുണ്ടാക്കി ഗതാഗത സൗകര്യങ്ങളൊരുക്കണം. ആയത് വിനോദസഞ്ചാരമേഖല പുഷ്ടിപ്പെടാൻ കൂടുതൽ ഉപകരിക്കും.

വിനോദസഞ്ചാരികൾക്ക് വിരുന്നൊരുക്കാൻ കൊതിക്കുന്ന നീലഗിരിക്കുന്നുകളും വയനാടൻ പ്രകൃതിഭംഗിയും സൂര്യകാന്തിപ്പൂക്കൾ നിറഞ്ഞ ഗുണ്ടിൽപേട്ടയും ഈ റെയിൽവേലൈൻ വരണമെന്ന് പലകുറി ആവർത്തിക്കുകയാണ്. ഇന്ത്യൻ റെയിൽവെ ഈ ആവശ്യം അംഗീകരിക്കുമെന്ന് പ്രതീക്ഷിക്കാം. ❖



*നഞ്ചൻകോട്-വയനാട്-നിലമ്പൂർ റെയിൽവേയ്ക്ക് അനുമതി നല്കണമെന്നാവശ്യപ്പെട്ടുള്ള നിവേദനം ആക്ഷൻ കമ്മിറ്റി ചെയർമാൻ പ്രൊഫ.കെ.പി.തോമസ് റെയിൽവേ സഹമന്ത്രി ഇ.അഹമ്മദിന് നല്കുന്നു. ജനറൽ സെക്രട്ടി കെ.ജെ.ദേവസ്യാ, ഓർഗനൈസിംഗ് സെക്രട്ടറി ടി.മുഹമ്മദ്, ഭാരവാഹികളായ ടി.എസ്.ജോർജ്, കെ.പി.ദാമോദരൻ, ടി.എൽ.സാബു, പി.പി.അയൂബ്, വി.ഉമ്മർഹാജി, ഷബീർ അഹമ്മദ്, കുന്നത്ത് അഷ്റഫ് എന്നിവർ സമീപം.*






CYAN MAGENTA YELLOW BLACK

വിശകലനം

ബോബി കെ. മാത്യു

# ചൈനയുടെ ന്യൂനപക്ഷപ്രേമവും മാർക്സിസ്റ്റ് പാർട്ടിയുടെ മൂകാഭിനയവും

മലയാളത്തിലെ പ്രശസ്ത നിരൂപകനും ചരിത്രകാരനും പത്രപ്രവർത്തകനായ പി.കെ. ബാലകൃഷ്ണൻ ഒരിക്കൽ കമ്യൂണിസ്റ്റ് പാർട്ടിയെ പരിഹസിച്ചു. "തപാലിലൂടെ ബുദ്ധി വരുന്ന പാർട്ടി" അദ്ദേഹം ഈ വാചകം പറയുന്നത് 1950കളിലാണ്. ചൈനയുടെയും സോവിയറ്റ് യൂണിയന്റെയും ഇംഗിതം നടപ്പാക്കുന്ന ഇന്ത്യൻ കമ്യൂണിസ്റ്റ് നേതൃത്വത്തിന്റെ രാഷ്ട്രീയ പാപ്പരത്തത്തെ തന്റേതായ ശൈലിയിൽ ആക്ഷേപിക്കുകയായിരുന്നു ബാലകൃഷ്ണൻ. പിന്നീട് പുറത്തുവന്ന രേഖകൾ സാക്ഷ്യപ്പെടുത്തുന്നത് ബുദ്ധി മാത്രമല്ല പണവും കമ്യൂണിസ്റ്റ് പാർട്ടികൾ തപാലിൽ വരുത്തിക്കൊണ്ടിരുന്നുവെന്നാണ്.

ഇന്ത്യയിൽ ഏറ്റവും വിവാദമായ ആണവകരാർ, കഴിഞ്ഞയിടെ ചൈനയിൽ മുസ്ലീം സമുദായ അംഗങ്ങളോടും തിബറ്റിലെ നിവാസികളോടും ചൈനീസ് ഗവൺമെണ്ട് സ്വീകരിച്ചതും സ്വീകരിച്ചുകൊണ്ടിരിക്കുന്നതുമായ നടപടികൾ എന്നിവയോട് ഇന്ത്യയിലെ മാർക്സിസ്റ്റ് നേതൃത്വം പ്രതികരിച്ച രീതി കാണുമ്പോൾ കമ്യൂണിസ്റ്റ് പാർട്ടികൾ ചൈനയിൽ നിന്ന് പണം വാങ്ങുന്നുവെന്ന് ഉറപ്പാക്കാവുന്നതേയുള്ളൂ.

പത്താം ലോക്സഭയിലേക്കുള്ള പൊതുതെരഞ്ഞെടുപ്പിൽ ഇന്ത്യൻ നാഷണൽ കോൺഗ്രസ് നേതൃത്വം കൊടുത്ത യു.പി.എയ്ക്കെതിരെ സി.പി.എം, സി.പി.ഐ. കക്ഷികൾ ഉന്നയിച്ച പ്രധാന ആരോപണം ഇന്ത്യയുടെ വിദേശനയത്തെക്കുറിച്ചാണ്. പാലസ്തീനിലെ മുസ്ലീങ്ങൾക്കെതിരെ ഇസ്രയേലും അമേരിക്കയും കൈക്കൊള്ളുന്ന സമീപനത്തോട് ഇന്ത്യാ ഗവൺമെണ്ട് കൂറുപുലർത്തുകയാണത്രെ. അതിവിടത്തെ മുസ്ലീം സമുദായത്തെ തങ്ങൾക്കനുകൂലമാക്കാനായിരുന്നു. കമ്യൂണിസ്റ്റ് കക്ഷികളുടെ പ്രചാരണം ഇന്ത്യയിലെ മുസ്ലീം ജനത നിഷ്കരുണം തള്ളിക്കളഞ്ഞുവെന്ന് മാത്രമല്ല കോൺഗ്രസിനനുകൂല രാഷ്ട്രീയമായി നിലപാട് എടുക്കുകയും ചെയ്തു.

പശ്ചിമബംഗാളിലെ നന്ദിഗ്രാമിൽ നിർധനരായ മുസ്ലീം ജനതയെ കുടിയിറക്കാൻ തീരുമാനിച്ച സി.പി.എം. ഏറെ ഉത്ക്കണ്ഠ പുലർത്തിയിരുന്നത് പാലസ്തീനിലെ ഇസ്ലാം ജനതയുടെ കാര്യത്തിലായിരുന്നു! വൈകാരികമായ പ്രശ്നങ്ങളെ ഉയർത്തി തെരഞ്ഞെടുപ്പുകളുടെ ഗൗരവം കുറയ്ക്കുന്ന ഇടതുപക്ഷ ലൈൻ കഴിഞ്ഞ തെരഞ്ഞെടുപ്പിൽ കേരളജനത നിർദയം തള്ളിക്കളഞ്ഞു. ഇപ്പോഴും സംശയത്തിന്റെ നിഴലിൽ കഴിയുന്ന മദനിയെ കാണിച്ച് വോട്ടു തട്ടാനുള്ള ശ്രമവും പാഴായി. സ്വാതന്ത്ര്യസമരത്തിന്റെ നാളുകളിൽ പാലസ്തീൻ പ്രശ്നം ഉണ്ടായപ്പോൾ അവിടത്തെ ജനതയ്ക്കു വേണ്ടി ആദ്യമായി ശബ്ദിച്ചത് മഹാത്മാഗാന്ധിയും ഇന്ത്യൻ നാഷണൽ കോൺഗ്രസുമാണ്. പാലസ്തീനിലെ നിസ്സഹായരായ ജനതയ്ക്കു വേണ്ടി കോൺഗ്രസ് ഒരു ദിവസം നീക്കിവയ്ക്കുകയും ധനം സമാഹരിച്ച് അവിടത്തെ ജനതയ്ക്ക് നല്കുകയും ചെയ്തു. അതിനു കാരണം വോട്ടു ബാങ്കായിരുന്നില്ല. കോൺഗ്രസ് നേതൃത്വത്തിലുള്ള കേന്ദ്രഗവൺമെണ്ട് പാലസ്തീനെ സാമ്പത്തികമായി സഹായിക്കുന്നുണ്ട്.

ഇതൊന്നും അലറി വിളിച്ചു നടക്കാൻ യു.പി.എ ഘടകകക്ഷികളോ കേരളത്തിലെ യു.ഡി.എഫോ ആഗ്രഹിക്കുന്നില്ല.

1991ലെ ജില്ലാ കൗൺസിൽ തെരഞ്ഞെടുപ്പിന്റെ കാലത്തുതന്നെയാണ് ഒന്നാം ഗൾഫ് യുദ്ധം നടക്കുന്നതും രാഷ്ട്രീയ ചാണക്യനായ ഇ.എം.എസ്സ് സദ്ദാം ഹുസൈന് പിന്തുണ പ്രഖ്യാപിച്ച് രാഷ്ട്രീയ നിലപാടെടുത്തതും. ജില്ലാ കൗൺസിലിലെ ഗംഭീരവിജയം ഈ തന്ത്രത്തിന്റെ വിജയമായി പൊതുവേ വിലയിരുത്തപ്പെട്ടു. അതിനുശേഷം പലപ്പോഴും സി.പി.എം. ഇത്തരം ഹീന തന്ത്രത്തിന്റെ ഉപഭോക്താക്കളായി. ഇതിന്റെ ചുവടുപിടിച്ചാണ് അബ്ദുൾ നാസർ മദനിയെ രംഗത്തിറക്കിയത്. നിർഭാഗ്യവശാൽ കമ്യൂണിസ്റ്റുകാരെക്കാളും ബുദ്ധിവൈഭവം ഉള്ളവരായിരുന്നു മുസ്ലീം ജനത. തങ്ങൾ സമുദായത്തിലെ മാത്രം അംഗങ്ങളല്ല, കേരള സമൂഹത്തിന്റെ ഭാഗം കൂടിയാണെന്ന് അവർ തിരിച്ചറിഞ്ഞു.

ചൈനയിലെ തെക്കുകിഴക്കൻ പ്രദേശമായ ഗുവാങ്ങ്ഡോങ്ങിലെ കളിക്കോപ്പ് നിർമാണശാലയിൽ സംഘർഷമുണ്ടായതു ജൂൺ 26 നാണ്. അതാണ് പിന്നീട്, അനൗദ്യോഗിക കണക്കുകൾ പ്രകാരം, 700 പേരുടെ മരണത്തിലെത്തിയത്. കലാപം രൂക്ഷമായതിനെത്തുടർന്ന് ചൈനയുടെ സൈന്യം തന്നെ രംഗത്തിറങ്ങിയിരിക്കുന്നു. ജി-8 ഉച്ചകോടിയിൽ പങ്കെടുക്കാൻ ഇന്ത്യ, അമേരിക്ക, റഷ്യ, ബ്രിട്ടൺ, ഫ്രാൻസ് എന്നീ രാജ്യങ്ങളുടെ തലവന്മാരോടൊപ്പം എത്തിയ ചൈനീസ് പ്രസിഡണ്ട് ഹൂ ജിണ്ടാവോ ഉച്ചകോടിയിൽ നിന്ന് ചൈനയിലേക്ക് തിരിച്ചുപോയത് പ്രശ്നത്തിന്റെ ഗൗരവത്തെയാണ് കാണിക്കുന്നത്. ഇന്ത്യയിലെ കമ്യൂണിസ്റ്റുകാർ സമ്മതിക്കുകയില്ലെങ്കിലും ഇന്ത്യയ്ക്ക് ഐക്യരാഷ്ട്ര സഭയിലെ രക്ഷാസമിതി സ്ഥിരാംഗത്വം നല്കണമെന്നുമുള്ള വാദം ഈ ഉച്ചകോടിയിൽ പങ്കെടുക്കാനെത്തിയ രാജ്യങ്ങൾക്കിടയിൽ പ്രധാന ചർച്ചയായി മാറിയത് ചൈനയുടെ അസാന്നിധ്യം കൊണ്ടാണ്.

ചൈന തിബറ്റ് കൈവശപ്പെടുത്തി അവിടുത്തെ ജനതയെ അടിച്ചമർത്തിയിരിക്കുന്നു എന്നു മാത്രമല്ല ചൈനീസ് ഗവൺമെണ്ടിന്റെ പിന്തുണയുള്ള ഹാൻ വംശജരെ അവിടെ അധിവസിപ്പിക്കുകയും കൂടി ചെയ്യുന്നു. അവിടത്തെ സംസ്കാരത്തെ മുച്ചൂട്ടും തകർത്ത് തിബത്തിനെ യഥാർത്ഥ ചൈനീസ് വംശജർ എന്നവകാശപ്പെടുന്ന ഹാൻ വംശജരുടേതാക്കി മാറ്റുന്ന അതേ നടപടിയാണ് ഇപ്പോൾ സംഘർഷം നിലനില്ക്കുന്ന സിൻജിയാങ്ങ് പ്രവിശ്യയിലും അരങ്ങേറുന്നത്. ഈ പ്രവിശ്യയിലാണ് എണ്ണ - പ്രകൃതിവാതക നിക്ഷേപങ്ങൾ ധാരാളമായി കാണുന്നത്. ഇന്ത്യാ, പാകിസ്ഥാൻ, അഫ്ഗാനിസ്ഥാൻ, റഷ്യ, കസാക്കിസ്ഥാൻ, കിർഗിസ്ഥാൻ, താജിക്കിസ്ഥാൻ എന്നീ രാജ്യങ്ങളുമായി ഈ പ്രവിശ്യ അതിർത്തി പങ്കിടുന്നു. ഉയിഗർ വംശജരാണ് ഇവിടെയുള്ളവരിൽ ഭൂരിഭാഗവും. ഇസ്ലാം മതവിശ്വാസികളായ ഇവർ ചൈനയിലെ 132 കോടി ജനങ്ങളിൽ മൂന്നുകോടി മാത്രമാണ്.

ചൈനയിലെ ഹാൻസ് വംശജരുടേതുപോലെ സാംസ്കാരിക പാരമ്പര്യം ഉൾക്കൊള്ളുന്നവരാണ് ഇവിടത്തെ മുസ്ലീങ്ങൾ. എന്നാൽ ചൈനീസ് ഗവൺമെണ്ട് ഇവർക്ക് വിദേശസഹായം ഉണ്ടെന്ന വാദം ഉയർത്തി ഹാൻസ് വംശജരെ ഉപയോഗിച്ച് ഇവരെ അടിച്ചമർത്തുന്നു. സിൻജിയാങ്ങ് ചൈനയുടെ ഭാഗമെന്നാണ് ഇന്ത്യ കരുതുന്നത്. എന്നാൽ കാശ്മീരിൽ പാകിസ്ഥാൻ നടത്തുന്ന എല്ലാ ശ്രമങ്ങളെയും ചൈന പരോക്ഷമായി സഹായിച്ചിട്ടുണ്ട്. ഐക്യരാഷ്ട്രസഭയിൽ പാകിസ്ഥാൻ കാശ്മീർ പ്രശ്നം ഉന്നയിക്കുമ്പോൾ ചൈന അവരെ സഹായിച്ചിട്ടുണ്ട്. ഇതിനെതിരെ ഇന്ത്യയിലെ കമ്യൂണിസ്റ്റ് പ്രസ്ഥാനങ്ങൾ പ്രതികരിച്ചിട്ടില്ല. മുസ്ലീങ്ങളുടെ നേതാവ് റാബിയ കദീർ എന്ന വനിതയാണ്. ചൈനീസ് ഗവൺമെണ്ട് 2005ൽ ഇവരെ നാടുകടത്തി. ഇപ്പോൾ അമേരിക്കയിൽ താമസിക്കുന്ന അൻപത്താറുകാരിയായ ഇവർ മറ്റൊരു 'ദലൈലാമ'യാണ്.

>> 14

**1966ൽ സ്ഥാപിതമായ ഏഷ്യൻ വികസന ബാങ്ക് അഥവാ എ.ഡി.ബിയുടെ 31 സ്ഥാപകാംഗങ്ങളിൽ ഇന്ത്യയും ചൈനയും ഉൾപ്പെടുന്നു. അംഗരാജ്യങ്ങൾ ചേർന്ന് 12 അംഗ ഡയറക്ടർ ബോർഡിനെ തെരഞ്ഞെടുക്കുന്നു. ഡയറക്ടർ ബോർഡിൽ ഇന്ത്യയോടൊപ്പം ചൈനയും അംഗമാണ്. അരുണാചൽ പ്രദേശിന്റെ അടിസ്ഥാന വികസനത്തിനായി ഇന്ത്യാ ഗവൺമെണ്ട് എ.ഡി.ബി. ലോണിനായി അപേക്ഷ സമർപ്പിച്ചപ്പോൾ അരുണാചൽ പ്രദേശ് ചൈനയുടെ ഭാഗമാണെന്ന വാദം ഉയർത്തി ഡയറക്ടർ ബോർഡിൽ ഇതിനെ എതിർത്തു.**

## അറിയേണ്ടും കാര്യങ്ങൾ

# ഇന്ത്യൻ ജയിലുകളിൽ ശേഷിയുടെ ഒന്നര ഇരട്ടിയോളം കൂടുതൽ തടവുകാർ

രാജ്യത്താകമാനമുള്ള ജയിലുകളിൽ കഴിയുന്ന തടവുകാരുടെ എണ്ണം ആകെ ശേഷിയുടെ ഒന്നര ഇരട്ടിയോളം കൂടുതൽ വരുമെന്ന് റിപ്പോർട്ട്. ഡൽഹിയിലെ തീഹാർ ജയിലുൾപ്പെടെ രാജ്യത്തെ 1300 ജയിലുകളിലെ സ്ഥിതി അത്യന്തം ആപത്കരവുമാണ്. രണ്ടു മുതൽ മൂന്ന് ഇരട്ടിയോളം തടവുകാരാണ് തിങ്ങിഞെരുങ്ങി ഇവിടങ്ങളിൽ കഴിയുന്നത്. രാജ്യത്ത് വർഷങ്ങളായി ഈ അവസ്ഥ തുടരുന്നു.



ഒട്ടനവധി കാരണങ്ങൾ ഇതിന് നിദാനമായി ചൂണ്ടിക്കാട്ടപ്പെടുന്നു. അവയിൽ ഏറ്റവും പ്രധാനപ്പെട്ടത് വ്യവഹാരങ്ങൾ അനന്തമായി നീളുന്നു എന്നതാണ്. ആവശ്യമായത്ര കോടതികൾ ഇല്ലാത്തതും അവിടങ്ങളിൽ തന്നെ കേസുകളുടെ എണ്ണത്തിന് ആനുപാതികമായത്ര ജഡ്ജിമാരും മറ്റുദ്യോഗസ്ഥരും ഇല്ലാത്തതും വർഷങ്ങൾ നീണ്ടാലും കേസുകൾ തീർപ്പാകാതെ കെട്ടിക്കിടക്കുന്നതിന് കാരണമാകുന്നു.

നമ്മുടെ രാജ്യത്തെ ജയിലുകളിൽ കഴിയുന്ന 66 ശതമാനം തടവുകാരും വിചാരണകാത്തു കഴിയുന്നവരാണ്. ഞെട്ടിക്കുന്ന മറ്റൊരു വസ്തുത കേസുകളിൽ പ്രതി ചേർക്കപ്പെട്ട്, എടുത്ത വകുപ്പുകൾ പ്രകാരം ലഭിക്കേണ്ടുന്ന പരമാവധി ശിക്ഷയെക്കാൾ കൂടുതൽകാലം ജയിലിൽ കഴിച്ചുകൂട്ടിയ ഒട്ടനവധി തടവുകാരുണ്ടെന്നതാണ്.

നിയമവ്യവസ്ഥയും ഭരണഘടനയും വിഭാവനം ചെയ്യുന്നതായ അവകാശങ്ങളെല്ലാം തടവുകാർക്ക് നഷ്ടപ്പെടുകയാണ് ചെയ്യുന്നത്. നമ്മുടെ തടവറകൾ അക്ഷരാർത്ഥത്തിൽ മനുഷ്യാവകാശധ്വംസനങ്ങളുടെ കേന്ദ്രങ്ങളായി ഇത്തരത്തിൽ മാറുന്നത് അവയുടെ ശരിയായ പ്രവർത്തനലക്ഷ്യങ്ങൾക്ക് വിരുദ്ധവുമാണ്. എന്തുതന്നെയായാലും രാജ്യത്തെ മനുഷ്യാവകാശസംഘടനകളെല്ലാം ഈ വിഷയം ഏറ്റെടുത്ത് പ്രക്ഷോഭം നടത്തും എന്നു മുന്നറിയിപ്പ് നല്കിയിരിക്കുന്നു.



*തീഹാർ ജയിൽ, ഡൽഹി*

പതിറ്റാണ്ടുകളായി തുടരുന്ന ജയിലുകളിലെ ശോചനീയാവസ്ഥയും ശേഷിക്കുറവും ജീവനക്കാരുടെ കുറവും കൂടാതെ കേസുകൾ കെട്ടിക്കിടക്കുന്ന സാഹചര്യവും ഒഴിവാക്കുവാനായി അടിയന്തിരനടപടികൾ സ്വീകരിക്കുമെന്ന് കേന്ദ്രസർക്കാർ പ്രഖ്യാപിച്ചു കഴിഞ്ഞു. അതിനായി ആദ്യപടിയെന്നോണം എല്ലാ സംസ്ഥാനങ്ങളിലും കൂടുതൽ അതിവേഗകോടതികളും മൊബൈൽ കോടതികളും സ്ഥാപിക്കാൻ കേന്ദ്ര നിയമവകുപ്പ് നടപടികൾ എടുത്തു തുടങ്ങി.